ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

നം.എഡി.ബി2/15277/2016/എച്ച്.എസ്.ഇ തീയതി : 04/03/2017

## സർക്കുലർ

വിഷയം: ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് – ഡിപ്പാർട്ട്മെന്റൽ അധ്യാപകരുടെ തസ്തികമാറ്റ നിയമനം – എച്ച്.എസ്.എസ്.ടി/എച്ച്.എസ്.എസ്.ടി. ജൂനിയർ അധ്യാപക ഒഴിവുകൾ നികത്തുന്നത്- സംബന്ധിച്ച്.

സൂചന:- 1) GO(P) No. 144/2001/G.Edn dated 16/04/2001
2) GO(P) No. 36/2005/G.Edn dated 04/02/2005

കേരളത്തിലെ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിൽ വിവിധ വിഷയങ്ങളിൽ 01/12/2011 മുതൽ 31/12/2015 വരെ ഉണ്ടായ എച്ച്.എസ്.എസ്.ടി/എച്ച്.എസ്.എസ്.ടി. ജൂനിയർ ഒഴിവുകളിലേക്ക് 25% തസ്തികമാറ്റ നിയമനത്തിനായി ഗവ. സ്കൂളുകളിലെ യോഗ്യരായ എച്ച്.എസ്.എ/യു.പി.എസ്.എ./ എൽ.പി.എസ്.എ അധ്യാപകരിൽ നിന്നും ഓൺലൈൻ മുഖേന അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ ഹയർസെക്കന്ററി സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ച പ്രകാരം 31/12/2015 നുള്ളിൽ വിദ്യാഭ്യാസ യോഗ്യത നേടിയവർക്കും ഇപ്പോൾ തുടരുന്ന തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തവർക്കും മാത്രമേ എച്ച്.എസ്.എസ്.റ്റി./എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികയിലെക്ക് അപേക്ഷിക്കുവാൻ അർഹതയുള്ളൂ. അന്തർജില്ലാ സ്ഥലംമാറ്റം വാങ്ങിയവർ ഇപ്പോൾ ജോലിനോക്കുന്ന ജില്ലയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്തിരിക്കണം.

അപേക്ഷകർ ഇതിനായി പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന സോഫ്റ്റ്‌വെയറിൽ ഓൺലൈൻ മുഖേന (www.hscap.kerala.gov.in/promotion) മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂ.

അപേക്ഷയുടെ printout കോപ്പിയിൽ അപേക്ഷകന്റെ കൺട്രോളിംഗ് ഓഫീസർ ആയ HM/AEO അപേക്ഷകൻ നൽകിയ വിവരം ശരിയാണെന്ന് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ അപേക്ഷ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ ഉൾപ്പെടെ താഴെ കൊടുക്കുന്ന അഡ്രസ്സിൽ അയക്കേണ്ടതാണ്.

സേവ്യർ സെബാസ്റ്റ്യൻ
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

അഡ്രസ്സിനുമുകളിൽ എച്ച്.എസ്.എസ്.ടി/എച്ച്.എസ്.എസ്.ടി. ജൂനിയർ ഡിപ്പാർട്ട്മെന്റൽ അധ്യാപകരുടെ തസ്തികമാറ്റ നിയമനം എന്ന് വ്യക്തമായി എഴുതേണ്ടതാണ്.

## അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യാനുള്ള രേഖകൾ (പകർപ്പുകൾ)

1. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ (PG, B.Ed, SET/Special Rules- ൽ നിഷ്കർഷിച്ചിട്ടുള്ള മറ്റ് യോഗ്യത)
2. Post Graduate Mark list
3. കേരളത്തിനു പുറത്തുനിന്നുള്ള യൂണിവേഴ്സിറ്റിയിൽ നിന്നും നേടിയ യോഗ്യതകളാണെങ്കിൽ, കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നും നേടിയ Equivalency Certificate
4. കറസ്പോണ്ടൻസ് വഴിയാണ് വിദ്യാഭ്യാസ യോഗ്യത നേടിയതെങ്കിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നും നേടിയ Equivalency Certificate
5. Course Certificate
6. Service Certificate
7. ഇപ്പോൾ തുടരുന്ന തസ്തികയിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത ഓർഡർ
8. പി.എസ്.സി. അഡ്വൈസ് ഓർഡർ
9. ഡി.ഡി. (എഡ്യൂക്കേഷൻ) നൽകിയ നിയമന ഉത്തരവ്
10. IGNOU BEd നേടിയവർ രണ്ട് വർഷത്തെ അധ്യാപക പരിചയത്തിന് ശേഷമാണ് ബി.എഡ് എടുത്തത് എന്ന കൺട്രോളിംഗ് ഓഫീസറുടെ സർട്ടിഫിക്കറ്റ്.

മുകളിൽ പറഞ്ഞ അനുബന്ധരേഖകൾ ഹാജരാകാത്ത പക്ഷവും, അപേക്ഷയിൽ എന്തെങ്കിലും തെറ്റായ വിവരം നൽകി സീനിയോറിറ്റി ലിസ്റ്റിൽ ഇടം നേടിയതാണെന്ന് പിന്നീട് കണ്ടെത്തിയാലും എച്ച്.എസ്.എ യിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യാതെ ഇപ്പോഴും എച്ച്.എസ്.എ കാറ്റഗറിയിൽ ജോലിചെയ്യുന്ന അധ്യാപകർ യു.പി.എസ്.എ/എൽ.പി.എസ്.എ കാറ്റഗറിയിൽ നിന്നും യാതൊരുകാരണവശാലും അപേക്ഷിക്കാൻ പാടുള്ളതല്ല. അത്തരം അപേക്ഷ മറ്റൊരറിയിപ്പ് കൂടാതെ റദ്ദ് ചെയ്യുന്നതാണ്.

നിശ്ചിത തീയതിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

## വിഷയങ്ങളും, തസ്തികമാറ്റ നിയമനത്തിന് ലഭ്യമായ ഒഴിവുകളും

| By transfer Appointment from HSA/UPSA/LPSA<br>Vacancies from 01/12/2011 to 31/12/2015 | | |
|---|---|---|
| Subject | No. of vacancies | |
| | HSST | HSST (Jr) |
| Physics | Nil | 11 |

| | | |
|---|---|---|
| Chemistry | Nil | 8 |
| English | 28 | 40 |
| Commerce | Nil | 33 |
| Computer Science | 8 | 10 |
| Geography | 2 | 3 |
| Malayalam | Nil | 29 |
| Sanskrit | Nil | 5 |
| Political Science | Nil | 19 |
| History | 16 | 10 |
| Geology | 1 | Nil |
| Journalism | 3 | Nil |
| Psychology | Nil | 1 |
| Social Work | 2 | Nil |
| Botany | Nil | 15 |
| Zoology | Nil | 13 |
| Hindi | Nil | 14 |
| Arabic | Nil | 4 |
| Mathematics | Nil | 29 |
| Economics | 2 | 36 |
| Urdu | Nil | 4 |
| Statistics | Nil | 1 |

ഓൺലൈൻ മുഖേന അപേക്ഷിക്കേണ്ട അവസാന തീയതി 20/03/2017 വൈകിട്ട് 5 മണിവരെ. ഡയറക്ടറേറ്റിൽ അപേക്ഷയുടെ printout ഉം അനുബന്ധ രേഖകളും കിട്ടേണ്ട അവസാന തീയതി 25/03/2017.

സൈറ്റ് അഡ്രസ്സ് - (www.hscap.kerala.gov.in/promotion)

ഡയറക്ടർ ഇൻ ചാർജ്ജ്

22